# രാജർഷി

പുസ്തകം 8 | കൎക്കിടകം | ലക്കം 12

## മംഗളം.

നാനാ സൽഗുണപൂഗ പൂൎണ്ണ, നമല പ്രേമാസ്പദൻ, സാഹിതീ-
സൂനാനേകദളാൎച്ചിതൻ, സഹൃദയക്കാനന്ദ സന്ദായകൻ,
മാനാതീത മനോഹരൻ, മുനിവരൻ, "രാജൎഷി" തൻ നാമമുദ്-
ഗാനം ചെയ്യൊരു മാസികാ ശിശു ചിരം വാഴേണമൂഴീതലേ.

എം എൽ. നാരായണമേനോൻ.

## മൊഹെൻ ജൊ ദഡോ.

ഇംഗ്ലീഷിൽ മഹെൻ ജൊ ഡാരോ (Mohenjo-Daro) എന്നു് എഴുതപ്പെടുന്ന പേരിനെ സിന്ധു ദേശവാസികൾ 'മൊഹെൻ ജൊ ദഡോ' എന്നാണു പറയുന്നതു്. ഇതു സിന്ധുസംസ്ഥാനത്തിൽ ലാർക് നാഡിസ്റ്റ്റിക്ററിൽ സിന്ധു നദിയുടെ പശ്ചിമതീരത്തു സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമമാണു്. ഇരുപതു സംവത്സരം മുമ്പു് ആരും കേൾക്കാനിട വന്നിട്ടില്ലാത്ത ഈ നാമധേയം ഇന്നു പഴമയേറിയ ഭാരതീയസംസ്കാരത്തിൻെറ സ്മാരകമായി വിളങ്ങുന്നു. നമ്മുടെ നാട്ടിലെ പുരാതന വസ്തുഗവേഷകന്മാർ ഏഴെട്ടു സംവത്സരങ്ങളായി ഈ കുന്നിനെ അല്പാല്പമായി ഖനനം ചെയ്തു കണ്ടെടുത്തിട്ടുള്ള പുരാണപദാൎത്ഥങ്ങൾ ആ പ്രാചീനസംസ്കാരത്തിൻെറ അവശേഷങ്ങളാകുന്നു. പ്രസ്തുത സംസ്കാരത്തിൻെറ കാലം നാലായിരത്തിഅഞ്ഞൂറു വൎഷങ്ങൾക്കു മുമ്പായിരുന്നു. (ക്രി. മു. 2750 മുതൽ 2500 വരെ).

പ്രസ്തുത കാലപരിഗണനം എങ്ങനെ സാധിച്ചു എന്നു നോ

ക്കാം. മൊഹെൻ ജൊ ദഡോവിൽ നിന്നു ലഭിച്ച വസ്തുക്കളിൽ ഒന്നി ലെങ്കിലും കാലത്തെ ശരിയായി നിൎണ്ണയിക്കുന്നതിനു പൎയ്യാപ്തമായ ലക്ഷ്യങ്ങൾ കാണ്മാനില്ല. എന്നാൽ അവിടെനിന്ന് അയൽനാടുകളിലേയ്ക്കു കച്ചവടത്തിനോ മററ് ആവശ്യത്തിനോ വേണ്ടി കൊണ്ടുപോകപ്പെട്ട മുദ്രകൾ ചിലതു ബാഗ്ദാദിന്നു വടക്കുകിഴക്ക് അമ്പതു മൈൽ ദൂരത്തുള്ള ടെൻ-അസ്മാർ എന്ന സ്ഥലത്തുനിന്നും പത്തു വൎഷം മുമ്പു ഖനനം മൂലം കിട്ടി. ഇവയോടൊന്നിച്ചു ലഭിച്ച മററു സാധനങ്ങളുടെ കാലം ഇതരലക്ഷ്യങ്ങളാൽ ക്രി. മു. 2500 എന്നു നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ മുദ്രകളും അതേ കാലത്തുള്ളവയായിരിക്കണമെന്നൂഹിക്കാം.

1914-ലെ യൂറോപ്യൻ ഘോരസമരത്തിനുശേഷം ഇപ്പോൾ നടന്നുവരുന്ന യുദ്ധം ആരംഭിക്കുന്നതുവരെ പല ദേശങ്ങളിലും പുരാതന വസ്തുപഠനം നല്ല നിലയിൽ നടത്തപ്പെട്ടിരുന്നു. പാശ്ചാത്യപണ്ഡിതന്മാരിൽ പലരും അസംഖ്യം പണം ചിലവാക്കി പുരാതനസംസ്കാരത്തെപ്പററി പൎയ്യവേക്ഷണം നടത്തി. അവർ ഈജിപ്റ്റ്, മെസൊപ്പൊട്ടേമിയാ, സിറിയാ, സെൻട്രൽ ഏഷ്യ മുതലായ ദേശങ്ങളിൽ ഖനനം നടത്തി അനേകം പുരാതനചിഹ്നങ്ങൾ കണ്ടുപിടിച്ചു. തങ്ങളുടെ ഗവേഷണഫലങ്ങളെ അടിസ്ഥാനപ്പെടുത്തി ആ പണ്ഡിതന്മാർ ഗ്രന്ഥങ്ങൾ പലതും പ്രസിദ്ധപ്പെടുത്തി. ഇവരുടെ ഗവേഷണങ്ങളിൽനിന്നു നമുക്കു വിലയേറിയ അനേകം വിവരങ്ങൾ ഗ്രഹിക്കാനുണ്ട്. ക്രി. മു. 3000 മുതൽ വടക്കുകിഴക്കെ ആഫ്രിക്കയിലുള്ള നീലനദീതീരദേശവും മെഡിററേനിയൻ കടൽ മുതൽ സിന്ധുനദീതീരം വരെ പരന്നു കിടക്കുന്ന പശ്ചിമേഷ്യൻദേശങ്ങളും ഏതാണ്ടു ഒരേമാതിരി സംസ്കാരമുള്ള നാടുകളായിരുന്നു. എല്ലാ കാൎയ്യങ്ങളിലും അവ തമ്മിൽ അടുത്ത ബന്ധം ഉണ്ടായിരുന്നുവെന്നും കാണുന്നു. അക്കാലത്ത് ഈ നാടുകൾ ഒന്നിലെങ്കിലും ഇരുമ്പോ, ഇരുമ്പുകൊണ്ടുണ്ടാക്കിയ ഉപകരണങ്ങളോ ഉണ്ടായിരുന്നില്ല. സാധാരണ നിലയിലുള്ള ജീവിതത്തിന് അത്യന്താപേക്ഷിതമായ നാടോടിസാമാനങ്ങളും ഉപകരണങ്ങളും കല്ല്, ചെമ്പ്, വെങ്കലം എന്നിവ കൊണ്ട് ഉണ്ടാക്കപ്പെട്ടിരുന്നു.

മനുഷ്യരുടെയിടയിൽ പരിഷ്കാരം നടപ്പിലായതു് എപ്പോൾ? അതിന്നു ക്രമാഗതമായ വളൎച്ചയുണ്ടായതു് എപ്രകാരം? ഈ വളൎച്ചയ്ക്കു ഏതെല്ലാം ജാതിക്കാർ ഏതെല്ലാം വിധത്തിൽ സഹായിച്ചു? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചിന്താശീലന്മാരിൽ നിന്നു സാധാരണ ഉണ്ടായി

ക്കാണാറുണ്ട്. അവയ്ക്ക്, തക്ക തെളിവുകളോടുകൂടി പറയാവുന്ന സമാധാനങ്ങൾ ഉണ്ടെങ്കിൽ അവയറിയാൻ ആക്കും ആഗ്രഹമുണ്ടായിരിക്കും. എന്നാൽ ഈ പ്രശ്നങ്ങൾക്കു മറുവടി പറയാൻ കെൽപ്പുള്ള പണ്ഡിതാഗ്രണികളുടെയിടയ്ക്കു തന്നെ അക്കാര്യത്തിൽ ഒരു ഐക്യം കാണ്മാനില്ല. മുമ്പു സൂചിപ്പിച്ച നാടുകളിലെല്ലാം പ്രാചീനകാലത്ത് ഒരേതരം സംസ്കാരം വ്യാപിച്ചിരുന്നതായി പ്രസ്താവിച്ചുവല്ലോ? അക്കാലത്തു സ്വർണ്ണവും വെള്ളിയും ഉപയോഗിച്ചിരുന്നു. ആട്, പശു മുതലായവയെ വളത്തി വന്നു. ഗോതമ്പു മുതലായ ധാന്യങ്ങൾ കൃഷി ചെയ്തു വന്നു. ഫലവൃക്ഷങ്ങൾ നട്ടു വളത്തിയിരുന്നു. അണകൾ കെട്ടി വയലുകളിലേയ്ക്കും പുരയിടങ്ങളിലേയ്ക്കും നദീജലം തിരിച്ചു വിട്ടു കൃഷിക്കുപയോഗപ്പെടുത്തി. ഭവനങ്ങളും നഗരങ്ങളും നിർമ്മിച്ചു. നെയ്ത്ത്, തുണികളിൽ ചായം പിടിപ്പിക്കുക മുതലായവ ചെയ്തിരുന്നു. ചക്രം ഉപയോഗിച്ചു കലങ്ങൾ മുതലായവ ഉണ്ടാക്കുകയും അവയിൽ ചൂടിൻെറ സഹായത്തോടുകൂടി വർണ്ണചിത്രങ്ങളുണ്ടാക്കുകയും ചെയ്തു വന്നു. ജലമാർഗ്ഗമായും കര മാർഗ്ഗമായും യാത്ര ചെയ്തിരുന്നു. ഒരുതരം ചിത്രലിപികളുപയോഗിച്ചു മനോഭാവങ്ങളെ രേഖപ്പെടുത്തി. പിഞ്ഞാണം, മണ്ണ്, ദന്തം, എല്ല്, ശംഖ്, രത്നങ്ങൾ ആദിയായവകൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ അണിഞ്ഞു വന്നു. ഇവനെല്ലാം സിന്ധുതീരദേശത്തും പശ്ചിമദേശങ്ങളിലും ഒന്നുപോലെ സർവ്വസാധാരണമായിരുന്നു.

ഇവ കൂടാതെ മൊഹെൻ ജൊ ദഡോ സംസ്കാരത്തിനു ചില പ്രത്യേകതകൾ കൂടിയുണ്ട്. സാമാന്യജനങ്ങൾക്കുവേണ്ടി കെട്ടപ്പെട്ട വീടുകളും വീഥികളും ഇന്ത്യയിലെ ഇതരദേശങ്ങളിൽ ഉള്ളവയേക്കാൾ നന്നായിരിക്കുന്നു. ഈജിപ്റ്റ്, ബാബിലോണിയാ, ഉർ മുതലായ ദേശങ്ങളിൽ പണ്ടത്തെ കൊട്ടാരങ്ങളും ദേവാലയങ്ങളും ശവകുടീരങ്ങളും ഇന്നും അസംഖ്യം കാണ്മാനുണ്ട് സാധാരണക്കാരുടെ വസതികൾ തീരെ കുറച്ചേ അവശേഷിച്ചിട്ടുള്ളു. ഭവനങ്ങൾ, വീഥികൾ ഗൃഹസാമഗ്രികൾ മുതലായവയൊന്നും ശേഷിച്ചിട്ടില്ല. ഇതിൽനിന്ന് അനുമാനിക്കാവുന്ന ഒരു സംഗതിയുണ്ട്. ആ നാടുകളിൽ രാജാക്കന്മാരും പ്രഭുക്കന്മാരും സ്ഥലങ്ങൾ മുഴുവൻ തങ്ങളുടെ മാത്രം സൌകര്യത്തിനുവേണ്ടി ഉപയോഗിച്ചിരിക്കണം. സാധാരണ ജനങ്ങൾ വസിക്കുന്ന സ്ഥലം അത്രമാത്രം അപ്രധാനമായിരുന്നു. പ്രഭുക്കളെ സേവിക്കുക എന്നതു മാത്രമായിരുന്നു അവരുടെ ജീവിതലക്ഷ്യം. തങ്ങൾക്കായിട്ടു യാതൊന്നും അവർ സൂക്ഷിച്ചിരുന്നില്ല.

ഇന്ത്യയിലെ ഭവനനിർമ്മാണം അയൽനാടുകളിലേതിനേക്കാൾ വിശേഷപ്പെട്ടതാണ്. ഇവിടത്തെ കെട്ടിടങ്ങൾ മിക്കവാറും ചുട്ട കല്ലുകൾകൊണ്ട് ഉണ്ടാക്കപ്പെട്ടവയത്രേ. അന്യദേശങ്ങളിൽ പച്ച വെട്ടുകല്ലുകൾ ഉപയോഗിച്ചാണു കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. കല്ലു കെട്ടുന്നതിനുപയോഗിച്ചിരുന്ന ചാന്തും ഇന്ത്യയിൽ മെച്ചമേറിയതാണ്. നമ്മുടെ കെട്ടിടങ്ങൾ വലിപ്പത്തിൽ മാത്രമല്ല വിശേഷമായിട്ടുള്ളത്. നല്ല മുറികൾ, തട്ടുകൾ, കോണിപ്പടികൾ, ജലധാരകൾ, കുഴലുകൾ മുതലായവ യഥായോഗ്യം ഘടിപ്പിക്കപ്പെട്ടിട്ടുള്ളവയാണ് നമ്മുടെ ഭവനങ്ങൾ. അവിടത്തെ തെരുവുകൾ വിശാലങ്ങളായിരുന്നു. വീഥികളിൽ ചവറുകൾ നിക്ഷേപിക്കുന്നതിനുള്ള തൊട്ടികളും ജലപ്രണാളികളും സ്ഥാപിക്കപ്പെട്ടിരുന്നു. ഇത്തരം വ്യവസ്ഥകൾ ഇന്നത്തെ പരിഷ്കൃതദേശങ്ങളിൽ നടപ്പിലായിട്ട് അധികം കാലമായിട്ടില്ല. സിന്ധുദേശസംസ്കാരത്തിൽ നമുക്ക് ഇവയെല്ലാം വ്യക്തമായിക്കാണാം.

ശില്പവേലയിലും അവർ വൈദഗ്ദ്ധ്യം നേടിയിരുന്നു. നിത്യോപയോഗത്തിനുവേണ്ട മൺപാത്രങ്ങളിൽപോലും അവരുടെ കരകൗശലം കാണ്മാനുണ്ട്. പലതരം മണികൾ കോർത്തുണ്ടാക്കിയ മാലകൾ മുതലായവ ഇന്നും നേത്രാകർഷകമായിരിക്കുന്നു. കുട്ടികൾക്കു കളിക്കുന്നതിനായി ഉണ്ടാക്കപ്പെട്ട പ്രാണിരൂപങ്ങൾ ദർശനീയങ്ങളായിരിക്കുന്നു. അവിടെനിന്നു സംഖ്യാതീതമായി കിട്ടിയിട്ടുള്ള മുദ്രകളിൽ കൊത്തപ്പെട്ടിരിക്കുന്ന മൃഗരൂപങ്ങളും മനുഷ്യരൂപങ്ങളും ചിത്രലിപികളും അഴകു നിറഞ്ഞവയാകുന്നു. ഇവയെല്ലാററിനേയുംകാൾ വിദഗ്ദ്ധലോകത്തെ വിസ്മയപരവശമാക്കിയിട്ടുള്ള മൂന്നു ശില്പങ്ങളുണ്ട്. അവയിലൊന്നു മഹെൻ ജൊ ദഡോവിൽനിന്നു കിട്ടിയ ഒരു താമ്രപ്രതിമയാണ്. പാദങ്ങൾ ഒടിഞ്ഞുപോയി. വേറെ അംഗഭംഗമൊന്നുമില്ല. വസ്ത്രമില്ല. ആഭരണങ്ങളുടെ കൂട്ടത്തിൽ അധികമുള്ളതു വളകളാണ്. മുഖത്തിന്റെ ഭംഗിയും കേശത്തിന്റെ വൈചിത്ര്യവും നടനോന്മുഖമായിരിക്കുന്ന കൈകാലുകളുടെ വിന്യാസചാതുര്യവും ശ്രദ്ധേയമാകുന്നു. ഈ ചെറുപ്രതിമയെ മനുഷ്യശില്പത്തിന്റെ വിശിഷ്ടമാതൃകയായിട്ടു പലരും കരുതുന്നു. മററു രണ്ടു ശില്പങ്ങളും കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടവയാണ്. അവ മോഹെൻ ജൊ ദഡോവിൽനിന്നു വടക്കുകിഴക്കു 400 മൈൽ ദൂരെ റാവി നദിക്കരയിലുള്ളതും മോഹെൻ ജൊ ദഡോവിലെപ്പോലെ പുരാതനവസ്തു സമൃദ്ധവും ആയ ഹരപ്പാ (ഹഡപ്പാ) എന്ന സ്ഥലത്തുനിന്നു ലഭിച്ചവയാകുന്നു. രണ്ടു വിഗ്രഹങ്ങൾക്കും തല, കാലുകൾ എന്നിവയില്ല. ഇവയെല്ലാം പ്രത്യേ

കം പ്രത്യേകമായി നിൎമ്മിച്ചു ചേൎക്കപ്പെട്ടവയാകയാൽ പിൽക്കാലത്തു് ഉടൽ മാത്രം ശേഷിച്ചു. ഒന്നിൻേറതു ചാരനിറമാണു്. മററതു ചുവന്നതും ആകുന്നു. ഒന്നു നമ്മെ നേരെ നോക്കുന്ന വിധത്തിലാണു്. മററേതു നടനരൂപത്തിലാകുന്നു. രണ്ടും പുരുഷവിഗ്രഹങ്ങളത്രേ. രണ്ടിലും വസ്ത്രമോ ആഭരണമോ കാണ്മാനില്ല. അതിനാൽ പ്രവൃത്തികളിൽ ഏൎപ്പെട്ടിരിക്കുമ്പോൾ മനുഷ്യശരീരത്തിൽ ഓരോ അവയവത്തിലും ഉണ്ടാകുന്ന മാററങ്ങളെ ഒരു ശില്പിക്കു ശിലയിൽ എപ്രകാരം കാട്ടാൻ കഴിയുമെന്നുള്ളതിനു് ഈ രണ്ടു പ്രതിമകളും ദൃഷ്ടാന്തങ്ങളായിരിക്കുന്നു. ഇത്തരം നഗ്നരൂപങ്ങളുണ്ടാക്കുന്നതിൽ യവനന്മാർ പ്രസിദ്ധി നേടിയവരത്രേ. അവർ ശില്പങ്ങളുണ്ടാക്കാൻ തുടങ്ങുന്നതിന്നും രണ്ടായിരം വൎഷങ്ങൾക്കുമുമ്പെ സിന്ധുനദീതീരത്തു വസിച്ചിരുന്ന ഭാരതീയർ അവയ്ക്കു തുല്യമായ ശില്പങ്ങൾ നിൎമ്മിച്ചുവെന്ന വസ്തുത വിസ്മയകരമായിരിക്കുന്നുവെന്നു ഭാരതത്തിലെ പുരാതനവസ്തുഗവേഷകനായിരുന്ന സർ ജാൺ മാർഷൽ പ്രസ്താവിച്ചിട്ടുണ്ടു്.

മതപരമായി ഇന്നു നമ്മുടെയിടയിൽ സൎവ്വസാധാരണമായിട്ടുള്ള ചില അഭിപ്രായങ്ങളും നടവടികളും അക്കാലത്തും ഉള്ളവയായിരുന്നു എന്നു് ഊഹിക്കാൻ വകയുണ്ടു്. ലിംഗങ്ങൾ പലതു കിട്ടിയിരിക്കുന്നു അവയിൽ ചിലവ പുരുഷൻെറ ജനനേന്ദ്രിയത്തിൻെറ സാക്ഷാൽ പ്രതിബിംബങ്ങളായിരിക്കുന്നു. ശിശുക്കളെ ഏന്തി നിൽക്കുന്ന സ്ത്രീരൂപങ്ങൾ ധാരാളം കിട്ടിയിട്ടുണ്ടു്. ചില വിഗ്രഹങ്ങൾ യോഗാഭ്യാസികളെ ചിത്രീകരിക്കുന്നവയാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ചിലവ ദേവതകളുടെ രൂപങ്ങളായിരിക്കണം. അക്കൂട്ടത്തിൽ ഒരു ചെറുമുദ്രയിൽ കാണപ്പെടുന്ന വിഗ്രഹം ശിവൻെറ പൂൎവ്വരൂപമായ മൂന്നു ശിരസ്സുള്ള ദേവനാണെന്നു സർ ജാൺ മാർഷൽ പ്രസ്താവിക്കുന്നതിനെ എല്ലാവരും അംഗീകരിക്കുന്നില്ല. ഒരു ഗവേഷകൻ പറയുന്നതു് ആ രൂപത്തിൽ മൂന്നുതല ഇല്ലെന്നാണു്. എന്നുമാത്രമല്ല അതിൻെറ മുഖം പുലിയുടെ മുഖത്തിനു സദൃശവുമാണുപോൽ. അക്കാലത്തു് അരശിനെ ബഹുമാനിച്ചിരുന്നു. അതിൻെറ ഇലകളും കൊമ്പുകളും പല മുദ്രകളിലും കൊത്തപ്പെട്ടിരിക്കുന്നു. ഈ മുദ്രകളിലുള്ള ചിത്രലിപികളെ ഇതുവരെ ആരും ശരിയായി വായിച്ചിട്ടില്ല. ഒരാൾ അവ സംസ്കൃതനാമങ്ങളാണെന്നു പറയുന്നു. മറെറാരാൾ തമിഴും കന്നടവും കലൎന്ന ദ്രാവിഡമാണെന്നഭിപ്രായപ്പെടുന്നു. മററു പണ്ഡിതന്മാർ ഇക്കൂട്ടരുടെ തൎക്കങ്ങൾ ഇവർ തങ്ങളിൽ തീൎത്തുകൊള്ളട്ടെ എന്ന മട്ടിൽ മൗനം പൂണ്ടിരിക്കുന്നു. അതുകൊണ്ടു നമുക്കു

ഇതിലൊന്നുംതന്നെ ശരിയെന്ന നിലയിൽ കൈക്കൊള്ളാൻ നിവ്വാഹമില്ല. എന്നാൽ ലിംഗം, അരയാൽമരം, യോഗം, ബദദേവത ഇവയെല്ലാം അവക്ക് മതബോധമുണ്ടായിരുന്നുവെന്നു നമ്മെ അറിയിക്കുന്നു. ഇവയെല്ലാം അന്യനാട്ടുകളുമായി യാതൊരു ബന്ധവുമില്ലാത്ത തനി നാടൻ നടപടികളാണെന്നുള്ളതിനു തക്കമില്ല.

സിന്ധുദേശസംസ്കാരത്തെപ്പററിയുള്ള ഒരു വലിയ വാദത്തെക്കുറിച്ചുകൂടി അല്പം സൂചിപ്പിച്ചുകൊള്ളട്ടെ. ഇതിനും ഋഗ്വേദം മൂലം നാം അറിയുന്ന ആര്യസംസ്കാരത്തിനും തമ്മിൽ വല്ല ബന്ധവുമുണ്ടോ? ഉണ്ടെങ്കിൽ എന്താണ്? ഇതൊരു വലിയ പ്രശ്നമാണ്. ഇതിനു പലർ പലതരം സമാധാനങ്ങൾ അവരവരുടെ സരസ്വതീപ്രസാദംപോലെ പറയുന്നുണ്ട്. അവയെല്ലാം സംക്ഷേപിച്ചു പറയാൻപോലും, സ്ഥലച്ചുരുക്കം അനുവദിക്കുന്നില്ല. സർ ജാൺ മാഷൽ 'ഈ സംസ്കാരം വളന്നു ക്ഷയിച്ച ശേഷമാണ് ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചതു്' എന്നും അവർ വന്നപ്പോൾ ഈ സംസ്കാരത്തിൻെറ ചിഹ്നങ്ങളിൽ അവശേഷിച്ചിരുന്നവ വൈദികസംസ്കാരവുമായി കലന്നിരിക്കാമെന്നതല്ലാതെ ഇവയ്ക്കു തമ്മിൽ പൊരുത്തമൊന്നുമില്ല' എന്നും വിചാരിക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ 'ലിപി' എന്ന ഭാഗം എഴുതിയ പ്രൊഫസർ ലാങ്ടൻ 'ആര്യന്മാർ ഇന്ത്യയിൽ വന്ന കാലം നാം ഇപ്പോൾ വിചാരിക്കുന്ന കാലത്തിനേക്കാൾ വളരെ പ്രാചീനമായ ഒന്നായിരിക്കണം' എന്നു പറയുന്നു. മൊഹെൻ ജൊ ദഡൊ സംസ്കാരം പരിപൂണ്ണവളച്ച് പ്രാപിച്ചിരുന്ന കാലത്തു് ആര്യന്മാർ ഇന്ത്യയിൽ വന്നുചേന്നിരിക്കാം എന്നാണ് പ്രൊഫസരുടെ അഭിപ്രായം. ഈ അഭിപ്രായഭേദത്തെ ആസ്പദമാക്കിയാണ് സർ മാഷൽ താൻ കണ്ടുപിടിച്ചു പ്രസിദ്ധപ്പെടുത്തിയ ഈ സംസ്കാരത്തിനു 'സിന്ധുനദീതീരസംസ്കാരം' (Induo valley civilization) എന്നു പൊതുപ്പേർ കല്പിച്ചതു്. ഈ സംസ്കാരത്തെപ്പററിയുള്ള അറിവ് ആധുനികജനതയ്ക്കു ലഭിച്ചിട്ട് ഇരുപതു വഷംപോലും ആയിട്ടില്ല. ഭൂമിയുടെ അന്തർഭാഗത്തു മൂടിക്കിടക്കുന്ന പദാത്ഥങ്ങളിൽ ഒരു ചെറിയ അംശം മാത്രമേ പുറത്തു കൊണ്ടുവന്നിട്ടുള്ളു. അതിൽത്തന്നെയും ഭൂരിഭാഗവും എന്താണെന്നുപോലും അറിയാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് അവസാനമായ തീരുമാനത്തിനൊന്നും ബദ്ധപ്പെടാതെ കൂടുതൽ തെളിവുകൾക്കായി കാത്തിരിക്കയാണുചിതം.

മൊഹെൻ ജൊ ദഡൊവിലും ഹരപ്പായിലും നിന്നു ഖനനം ചെയ്യപ്പെട്ടുകിട്ടപ്പെട്ട മനുഷ്യാസ്ഥിപഞ്ജരങ്ങളെ പരിശോധിച്ചു നോക്കിയ നര

വംശവിജ്ഞാനികൾ പറയുന്നതു് അവ ഒരേവർഗ്ഗത്തിൽപ്പെട്ട മനുഷ്യരുടേതല്ല എന്നാണ്. അക്കാലത്തെ ഇന്ത്യാക്കാർ പരുത്തിനൂല് കൊണ്ടു നെയ്ത വസ്ത്രങ്ങൾ ധരിച്ചുവന്നു. അക്കാലത്തു് ഇതരനാടുകളിൽ ജന്തുക്കളുടെ രോമംകൊണ്ടാണ് വസ്ത്രമുണ്ടാക്കിയിരുന്നതു്. ക്രി.മു. 700-ൽ അസിറിയാദേശത്തു വാണിരുന്ന ഒരു ചക്രവൎത്തി തൻെറ നാട്ടിൽ ഇദംപ്രഥമമായി പരുത്തി കൃഷി ചെയ്യിച്ചതായി കേട്ടിട്ടുണ്ട്.

സിന്ധുദേശവാസികൾ അധികം യുദ്ധോപകരണങ്ങൾ ശേഖരിക്കാതെ സമാധാനമായി ജീവിച്ചിരുന്നു. വേട്ടയാടുന്നതിനും അത്യാവശ്യം നേരിട്ടാൽ സ്വരക്ഷ നേടുന്നതിനും വേണ്ട വില്ല്, അമ്പു്, ഈട്ടി, പരശു എന്നിവയെ അവർ ഉണ്ടാക്കിയിരുന്നുള്ളു. ഇവയെല്ലാം ചെമ്പു കൊണ്ടുണ്ടാക്കിയവയും ബലം കുറഞ്ഞവയുമാണ്. കവചമുപയോഗിച്ചിരുന്നില്ല. ഇന്നത്തെ നിലയിൽ നിന്നു നോക്കുമ്പോൾ ഇതൊരു വലിയ ന്യൂനത തന്നെ. അതുതന്നെയാവാം അവരുടെ നാശഹേതുവും.

വിദ്വാൻ, വി. ആർ പരമേശ്വരൻപിള്ള ബി. ഒ. എൽ.

## * എൻെറ പ്രേമം.

മധുമാസത്തിങ്കലുൽഫുല്ലയാകും
മധുരതരരക്തരോജപോലെ,
രുചിരവിപഞ്ചി നികാണയുക്തം
മധുരിമയോലുമാലാപം പോലെ
എൻപ്രേമം; മോഹനദൎശനേ! ഞാ-
നെമ്പാടുമായതിൻ ദാസനായി.
വാരിധി വററി വരളുമെന്നോ?
പാറകൾപാരിലലിയുമെന്നോ?,
അന്നോളമന്നോളം സുസ്ഥിരമെൻ
മന്നിൽ പ്രിയതമ പ്രേമമേ! നീ.
നിത്യനാമാത്മാവു നില്ക്കുവോളം
ഉത്തമേ സ്ഥായിയാണെൻെറ പ്രേമം.
വന്ദനമോതുന്നിതെപ്പോഴുമെൻ
സുന്ദരസമ്പൂതപ്രേമപുഞ്ജം.
നീയെത്രദൂരത്തണഞ്ഞെന്നാലു-
മീയിവൻനിന്നെയനുഗമിക്കും.

കാവ്യഭൂഷണം, എം. എൽ. നാരായണമേനോൻ.

* ഇംഗ്ലീഷിൽനിന്നു്.

ചെറുകഥ.

# ചിത്രകാരൻ.

"ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിയ്ക്കും".

"മല്ലികേ! മല്ലികേ!" ജയൻ വിളിച്ചു നോക്കി. മുന്നിൽ ചിത്രനിർമ്മാണസാമഗ്രികൾ വെച്ചുകൊണ്ടു് അയാൾ പുല്ലിന്മേൽ ഇരുന്നു.

—ഒരു മറുപടിയും ഇല്ല.

"മല്ലികേ! ഹേ മല്ലികേ! കേൾക്കുന്നില്ലേ?"— അയാൾ കുറേക്കൂടെ ഉച്ചത്തിൽ വിളിച്ചു.

—പിന്നേയും ഉത്തരമില്ല.

ജയൻ സ്വയം എഴുനേററു് മല്ലികയെ അന്വേഷിച്ചു.

നഗരത്തിന്നു പുറത്തു് ഒരു വിജനസ്ഥലമുണ്ടു്. അവിടെ രണ്ടുമൂന്നു കുടിലുകൾ മാത്രമേ ഉള്ളു. അവയിൽ ജയൻെറ കുടിൽ വളരെ ചെറുതും പ്രശാന്തസുന്ദരവും ആണ്. സസ്യലതാദികളാൽ ശോഭിതമായ ഉദ്യാനം ആ കുടിലിന്നു കൂടുതൽ ഹൃദയാകൎഷകമാക്കി. ജയൻ മല്ലികയെ തിരഞ്ഞുകൊണ്ടു കുടിലിന്നു പിന്നിലെത്തി. അവിടെക്കണ്ട കാഴ്ച അയാളിൽ അതിയായ ആനന്ദം ഉളവാക്കി. വിടൎന്നു നില്ക്കുന്ന പനിനീർപൂവ്വിന്മേൽ കൌതുകമേറിയ ഒരു ചിത്രശലഭം വന്നു് ഇരുന്നു. മല്ലിക അതിനെ പിടിക്കുവാൻ ശ്രമിച്ചു. പക്ഷെ ശലഭം പറന്നുപോയി. മല്ലിക അതിനെ പിടിക്കുവാൻ ഓടി. വിവിധവൎണ്ണത്തിലുള്ള ശലഭം, അതിൻപിന്നാലെ പാഞ്ഞു ചെല്ലുന്ന സുന്ദരി മല്ലിക, വായുപ്രവാഹത്തിൽ ചാഞ്ചാടിക്കളിക്കുന്ന അവളുടെ ചുരുണ്ടിരുണ്ട അളകാവലികൾ, കാററിലാടിയുലയുന്ന അവളുടെ പച്ചസ്സാരി, ഇവയെല്ലാം ജയൻ നോക്കിക്കണ്ടു. അയാൾ ഒരു കലാകാരനായിരുന്നു. ഹൃദയത്തിൽ കലാസൌന്ദൎയ്യത്തിൻെറ വേരൂന്നി. "ഇവയെല്ലാം സജീവങ്ങളാക്കിത്തീൎക്കണം."

അയാൾ മടങ്ങിച്ചെന്നു ചിത്രശാലയിൽക്കടന്നു. അവിടെ, ജനവാതിലുകൾ ബന്ധിച്ചു് ഏകാന്തതയിൽ ഇരുന്നു വളരെ പണിപ്പെട്ടു മാർബിൾക്കല്ലിന്മേൽ വരച്ചുണ്ടാക്കിയ ഒരു ചിത്രം— അയാൾ അതിനെ തിരിഞ്ഞുനോക്കിയതേ ഇല്ല. തൂവലെടുത്തു വരച്ചു തുടങ്ങി.

ഒടുവിൽ ചിത്രം മുഴുവനായി. വെളുത്ത മാർബിൾക്കല്ലിന്മേൽ പരിലസിക്കുന്ന മല്ലികയെ നോക്കി ജയൻ പുഞ്ചിരി തൂകി. അയാൾ വിചാരിക്കുവാൻ തുടങ്ങി—"ഈ ചിത്രം അവളെ എത്ര സന്തോഷിപ്പിക്കും? അവളുടെ ആശ്ചൎയ്യത്തിന്നും ഒട്ടും കുറവുണ്ടാകയില്ല. ചിത്രശലഭ

ത്തെ പിടിക്കുവാൻ അവൾ ഓടുന്നതു് ഒരാൾ കണ്ടിട്ടുണ്ടെന്നു് അവൾക്കറിയാമോ?'' ജയൻ പടത്തിലേയ്ക്കുറവുനോക്കി· അയാളുടെ സന്തോഷം സീമാതീതമായി.

ചിത്രം അവിടെത്തന്നെ വെച്ചു മല്ലികയെ അന്വേഷിച്ചു നടന്നു. അയാൾ നിശ്ശബ്ദനായി മുറിക്കുള്ളിൽ പ്രവേശിച്ചു. അവിടെ, മല്ലിക ജയനെ കാത്തു കാത്തു ക്ഷീണിച്ചു നിലത്തു കിടന്നു് ഉറങ്ങുന്നുണ്ടായിരുന്നു. ഉടനെത്തന്നെ ജയൻ ചിത്രശാലയിൽ മടങ്ങിച്ചെന്നു മല്ലികയുടെ ചിത്രം കൊണ്ടുവന്നു് അവൾ കാണത്തക്കവിധത്തിൽ അവളുടെ മുമ്പിൽ വെച്ച് ഒരിടത്തു് ഒളിച്ചുനിന്നു. പെട്ടെന്നുണ്ടായ ശബ്ദം കേട്ടു മല്ലിക ഞെട്ടി ഉണർന്നു. അവളുടെ കണ്ണുകൾ ആ മാർബിൾക്കല്ലിന്മേൽ പതിഞ്ഞു. അവൾ ചകിതയായി. ''ഈ ചിത്രം—ഹാ- ആരുണ്ടാക്കി? ആർ ഇവിടെ ഇതു കൊണ്ടുവന്നു!'' അവൾ ചുററുപാടും നോക്കി. പിന്നിൽ ജയൻ നിന്നിരുന്നു. അയാളുടെ മുഖത്തു് ഒരു നേരിയ പുഞ്ചിരി പരന്നിരുന്നു. അവൾ ലജ്ജിതയായി. അവൾക്കു് എല്ലാം മനസ്സിലായി. അവൾ പറഞ്ഞു:—''ഹാ, നിങ്ങൾ ഒരു സൂത്രക്കാരൻതന്നെ.''

''മല്ലികേ! ഇതു നിനക്കുള്ളതാണു്. നിനക്കിതു് ഇഷ്ടമായോ?'' ജയൻ ചോദിച്ചു.

മല്ലിക പുഞ്ചിരി തൂകി. ''ഇതു വില്ക്കുന്നില്ലേ?'' അവൾ ചോദിച്ചു.

''ഇല്ല മല്ലികേ! ഇതു വില്ക്കാനുള്ളതല്ല.'' ജയൻ മറുപടി പറഞ്ഞു.

മല്ലിക ജയനെ നോക്കി. അവളുടെ സന്തോഷത്തിന്നതിരുണ്ടായിരുന്നില്ല. ഇത്ര സുന്ദരമായ ചിത്രം! ഇതു് അവൾക്കുള്ളതാണു്. അവൾ സ്വപ്നലോകത്തിലാണ്ടു.

ജയൻ ഒരു ശില്പിയായിരുന്നു. അയാൾക്കു കലയോടു് ഒരു പ്രത്യേക അനുരാഗമുണ്ടായിരുന്നു. അയാളുടെ ജീവിതവും ജീവിതലക്ഷ്യവും കല തന്നെയായിരുന്നു. പക്ഷെ അയാൾ നിർദ്ധനനായിരുന്നു. എല്ലായ്പോഴും അയാളുടെ തൂവൽ ചലിച്ചുകൊണ്ടേ ഇരിക്കും. എത്രയെത്ര മനോഹരചിത്രങ്ങളാണു് അയാൾ മാർബിൾ കല്ലുകളിൽ വരച്ചിട്ടുള്ളതു്. അവയെല്ലാം അയാൾ ചന്തയിൽ കൊണ്ടുപോയി വില്ക്കും; ഇങ്ങിനെ ജീവിതം നയിച്ചു പോന്നു.

ഈയിടെയാണു് അയാൾ അടുത്ത ഗ്രാമത്തിൽനിന്നു സുന്ദരാംഗിയായ മല്ലികയെ വിവാഹം ചെയ്തു കൊണ്ടുവന്നതു്. ആ കുടിലിൽ

ജയനും അയാളുടെ ഭാര്യ മല്ലികയും മാത്രമേ ഉണ്ടായിരുന്നുള്ളു. ആ കുടിൽ തന്നെയായിരുന്നു അവരുടെ സ്വൎഗ്ഗവും. ദുഃഖം, അശാന്തി, വിരഹം ഇത്യാദികൾ ലോകത്തിലുണ്ടെന്നു് ഇവർ അറിഞ്ഞിരുന്നില്ല. അവരുടെ ജീവിതത്തിൽ—അവരുടെ ചെറുകുടിൽ—സുഖത്തിൻേറയും ശാന്തിയുടേയും പ്രേമത്തിൻേറയും സാമ്രാജ്യമായിരുന്നു. ഇങ്ങിനെ അവർ പ്രണയബദ്ധരായി സസന്തോഷം ജീവിച്ചു പോന്നു.

പക്ഷെ കാലം എല്ലായ്പോഴും ഒരുപോലെ അല്ല. കാലചക്രം സദാ ക്രമണം ചെയ്തുകൊണ്ടേ ഇരിക്കും. സംസാരത്തിലെ ഓരോ വസ്തുവിനും നാശമുണ്ടു്. പൌൎണ്ണമി ചന്ദ്രൻെറ പൂനിലാവു്, പവനദേവൻെറ സുമധുരസംഗീതം, ഇടിമിന്നലിൻെറ ഉജ്ജ്വലപ്രകാശം, അഴകോലുന്ന പൂക്കളുടെ മനോമോഹനമായ പുഞ്ചിരി, ഇവയ്ക്കും നാശമുണ്ടു്. സുഖസാഗരത്തിൽ ഒഴുകുന്ന മനുഷ്യർ സൃഷ്ടിയുടെ ഈ നിയമത്തെ തീരെ മറന്നുപോകുന്നു. പക്ഷെ ഇതുകൊണ്ടെന്താ? പ്രകൃതി തൻെറ പരിവൎത്തനശീലം മറക്കുന്നില്ല.

ലൌകികസ്വൎഗ്ഗത്തിൻെറ ഒരു സ്വപ്നംപോലെ ജയൻെറ ആ ചെറുകുടിൽ അവിടെത്തന്നെ സ്ഥിതി ചെയ്യുന്നുണ്ടു്. പക്ഷെ നാലു പുറത്തും ശ്മശാനത്തിലെപ്പോലെ ഒരു ഗംഭീരനിശ്ശബ്ദത വ്യാപിച്ചിരുന്നു. എവിടേയും ഒരു ചൈതന്യമില്ല. പക്ഷികൾ ചിലയ്ക്കുന്നില്ല, മൃഗങ്ങൾ ചരിക്കുന്നില്ല. എങ്ങും ഒരു പരിപൂൎണ്ണനിശ്ശബ്ദം ......

ചുററും അന്ധകാരം നിറഞ്ഞിരുന്നു. കുടിലിന്നുള്ളിൽ ഒരു ചെറുദീപം മങ്ങി മങ്ങി പ്രകാശിച്ചിരുന്നു. ഒരു കട്ടിലിന്മേൽ മല്ലിക കിടന്നിരുന്നു. ഒന്നുരണ്ടു മാസമായി, അവൾ ദീനമായി കിടപ്പിലാണു്. ജയൻ രാവുപകൽ അവളുടെ അടുക്കൽത്തന്നെ കഴിച്ചുകൂട്ടി. അയാളിപ്പോൾ ഒരു ചിത്രവും വരയ്ക്കുന്നില്ല. അയാൾക്കു് അതിലൊന്നും ആഗ്രഹം തോന്നിയതേ ഇല്ല. അയാളുടെ ജീവിതത്തിന്നേകാധാരമായിരുന്നു അതു്. എന്നിട്ടും അയാൾ അതിലൊന്നും ശ്രദ്ധിച്ചില്ല.

"കുറച്ചു വെള്ളം" മല്ലിക ഞെരുങ്ങിപ്പറഞ്ഞു.

ജയൻ വിദ്യുദ്വേഗത്തിൽ എഴുനേററു. ആ പ്രണയവിവശൻ മല്ലികയ്ക്കു വെള്ളം കൊടുത്തു. മല്ലിക കുറച്ചൊന്നു ശാന്തയായി. അവൾ നാലു പുറവും നോക്കി. അവളുടെ ദൃഷ്ടികൾ ജയനിൽ പതിഞ്ഞു. അവൾ സംസാരിക്കുവാൻ ശ്രമിച്ചു. പക്ഷെ ശബ്ദം പൊന്തിയില്ല; ജയൻ അവളുടെ അടുത്തു വന്നുനിന്നു ചോദിച്ചു:— "മല്ലികേ! ഇപ്പോൾ എങ്ങിനെയിരിക്കുന്നു?"

"കുറച്ചു ഭേദമുണ്ട്"—മല്ലിക അസ്പഷ്ടസ്വരത്തിൽ പറഞ്ഞു. അവൾ മന്ദഹസിക്കുവാൻ ശ്രമിച്ചു. പക്ഷെ നിഷ്ഫലമായി. അവൾ സംസാരിക്കുവാൻ നന്നെ വിഷമിച്ചിരുന്നു. കുറേനേരം അവൾ അനങ്ങാതെ കിടന്നു. ഒടുവിൽ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:— "നാഥ! എത്ര ദിവസമായി ഞാൻ കിടപ്പിലായിട്ട്. നിങ്ങൾ 'സദാ സമയവും എൻെറ അടുക്കൽ കഴിച്ചു കൂട്ടുന്നു. യാതൊന്നും വരയ്ക്കുന്നില്ല. പിന്നെ ചിലവിനെന്തു ചെയ്യും."

ജയൻ വിവശനായി. അയാൾ തൊണ്ടയിടറി പറഞ്ഞു. "മല്ലികേ! നിൻെറ സുഖക്കേട് വേഗം ഭേദമാവട്ടെ. പിന്നെ എല്ലാം നേരെയാകും. നീ ഇക്കാര്യത്തെപ്പററി ഒട്ടും വിചാരപ്പെടേണ്ട".

മല്ലിക മൌനം പൂണ്ടു. അവൾ നേത്രങ്ങൾ അടച്ചു. ജയൻ അവിടെ ഇരുന്ന് ആലോചിക്കുവാൻ തുടങ്ങി:—"ഇനി എന്തു ചെയ്യും? മല്ലികയ്ക്ക് ഔഷധം വാങ്ങണം. അതിനു പണം വേണം. ഉണ്ടായിരുന്നതു മുഴുവനും ചിലവായിപ്പോയി. "രണ്ടുമാസക്കാലമായി അയാൾ ഒരു ചിത്രവും വരയ്ക്കാറില്ല. മല്ലികയ്ക്കു സുഖമാവണം. ഇതുമാത്രമെ അയാൾക്കു ചിന്തയുള്ളു.

ജയൻ സാവധാനത്തിൽ എഴുന്നേററു പെട്ടി തുറന്നു നോക്കി അതിൽ ഒരു പൈപോലും ശേഷിച്ചിരുന്നില്ല. ആരു് അയാളെ സഹായിക്കും? അയാളുടെ ഹൃദയം വേദന കൊണ്ടു നീറി. മല്ലികയ്ക്ക് ഔഷധം വാങ്ങണം ഔഷധം ഇല്ലെങ്കിൽ—പിന്നെ മല്ലികയുടെ സ്ഥിതി.... ...അയാളുടെ കണ്ണുകൾ നിറഞ്ഞു. പെട്ടെന്ന് അയാളുടെ ദൃഷ്ടികൾ മല്ലികയുടെ ആ ചിത്രത്തിന്മേൽ പതിഞ്ഞു. കഴിഞ്ഞുപോയ കാലം ജയൻെറ ഓർമ്മയിൽ വന്നു. അയാൾ മല്ലികയെ നോക്കി. അവളുടെ സുന്ദരവദനം മ്ലാനമായിത്തീന്നിരുന്നു. ജയനു കണ്ണുനീരടക്കുവാൻ കഴിഞ്ഞില്ല. അയാൾ ചിത്രമെടുത്തു് ഒരിടത്തേയ്ക്കു മാററി വെച്ചു. അയാൾക്ക് അതു വില്ക്കാതെ തരമില്ല. പക്ഷെ ...മല്ലിക എന്തു പറയും? അവൾക്ക് അതു ജീവനാണ്. പക്ഷെ വില്ക്കാതെ എന്തു ചെയ്യും? മല്ലികയ്ക്കു സുഖമായാൽ—അവൾ പൂവ്വസ്ഥിതിയിലായാൽ— അതുപോലെ വേറൊന്ന് അയാൾ അവൾക്കു വരച്ചു കൊടുക്കും. അയാൾ അതു വില്ക്കുവാൻതന്നെ നിശ്ചയിച്ചു. വീണ്ടും അയാൾ വിചാരമഗ്നനായി.

രാത്രി അവസാനിച്ചു. പക്ഷികളുടെ കളരവം പ്രഭാതത്തിൻെറ ആഗമനത്തെ സൂചിപ്പിച്ചു. ജയൻ കണ്ണു തുറന്നു മല്ലികയെ നോക്കി. അവൾ ഉണന്നിരുന്നു. പ്രഭാതസൂര്യൻെറ സുവണ്ണകിരണങ്ങൾ ജനൽ

പഴുതിലൂടെ അവളുടെ മുഖത്തു വന്നു വീണിരുന്നു. ജയൻ എഴുന്നേററു. രാത്രിയിലെ ആ വിചാരങ്ങൾ— അയാളുടെ ആ നിശ്ചയങ്ങൾ— എല്ലാം അയാളുടെ മസ്തിഷ്കത്തിന്നുള്ളിൽക്കിടന്നു ചുററിത്തിരിഞ്ഞിരുന്നു.

"മല്ലികേ! ഞാൻ മരുന്നു വാങ്ങി കൊണ്ടുവരാം. അതുവരെ നമ്മുടെ ഹരിണി (അയൽപക്കക്കാരി) നിൻെറ അടുക്കൽ ഇരിക്കും. നീ ഒട്ടും വിചാരപ്പെടരുതു് ഞാൻ ഇപ്പോൾതന്നെ വന്നേയ്ക്കാം." ജയൻ ചിത്രമെടുത്തു പുറത്തിറങ്ങി.

"ഈ ചിത്രം വാങ്ങാമോ?" അയാൾ സതീശനോടു കേണപേക്ഷിച്ചു. സതീശൻ ചിത്രം നോക്കി. ജയൻെറ കലാപാടവത്തിൽ അയാൾക്കു് അത്ഭുതം തോന്നി. അയാൾ അതു വാങ്ങുവാൻതന്നെ തീർച്ചയാക്കി.

രൂപയുംകൊണ്ടു ജയൻ മടങ്ങി. അയാൾ വൈദ്യൻെറ പക്കൽ നിന്നു മരുന്നു വാങ്ങി സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. അയാളുടെ കാലുകൾ വിറയ്ക്കുവാൻ തുടങ്ങി. തുടിക്കുന്ന ഹൃദയത്തോടുകൂടി അയാൾ സാവധാനത്തിൽ കുടിലിൻെറ വാതിൽ തുറന്നു. മല്ലികയുടെ സ്ഥിതി മോശമായിക്കൊണ്ടിരുന്നു. ഹരിണി വിചാരമഗ്നയായി അടുത്തു തന്നെ ഇരിപ്പുണ്ടു്. ജയൻ വിളിച്ചുനോക്കി:—"മല്ലികേ! മല്ലികേ!"

ചിരപരിചിതസ്വരം കേട്ടു മല്ലിക കണ്ണു തുറന്നു നോക്കി. ജയൻ അവൾക്കു മരുന്നു കൊടുത്തു. പക്ഷെ ഫലമൊന്നും ഉണ്ടായില്ല. അവൾ ക്രമേണ ക്ഷീണിക്കുവാൻ തുടങ്ങി. ജയൻ തല കുനിച്ചു് അവളുടെ തലയ്ക്കൽ ഇരുന്നു. മല്ലിക വിളിക്കുവാൻ ശ്രമിച്ചു. "നാഥാ!" അവളുടെ ശ്വാസഗതി വർദ്ധിച്ചു വന്നു. ജയൻ പിന്നെയും അവൾക്കു മരുന്നു കൊടുത്തു. പക്ഷെ എല്ലാം വ്യർത്ഥംതന്നെ, മല്ലിക ഒരിക്കൽക്കൂടി— അവസാനത്തേതായി—ജയനെ നോക്കി. അവളുടെ നേത്രങ്ങളിൽ എന്തെല്ലാം ഭാവങ്ങളാണു് കലർന്നിരുന്നതു്? അവൾ സംസാരിക്കുവാൻ ശ്രമിച്ചു. പക്ഷെ ശബ്ദം നിലച്ചുപോയി. അടുത്ത ക്ഷണത്തിൽത്തന്നെ അവളുടെ കണ്ണുകൾ എന്നെന്നേയ്ക്കുമായി കൂമ്പി. അവളുടെ നിർജ്ജീവശരീരം ജയൻെറ മടിയിൽ നിവർന്നു കിടന്നു. അയാൾ വാവിട്ടു നിലവിളിച്ചു

പിറേറ ദിവസം—

ജയൻ അയാളുടെ കുടിലിൽ കിടന്നു് ആലോചിക്കുവാൻ തുടങ്ങി:—"മല്ലിക പോയി. ആ ചിത്രം അവളുടെ സ്മാരകചിഹ്നമായിരുന്നു. അതുംകൂടി ഞാൻ വിററു കളഞ്ഞു. ഞാൻ സതീശനോടു് അതു യാചിക്കും. ഞാൻ അയാളോടു പറയും:—"ആ ചിത്രം മല്ലികയുടേതാ

ണ്. അതു് എനിക്കു മടക്കിത്തരണം.'' ഞാൻ നിങ്ങളുടെ ചിത്രകാരനായിരിക്കാം'' എന്നു്. സതീശൻ അത്ര വലിയ നിഷ്ഠുരനല്ല. അയാൾ അതു മടക്കിത്തരാതിരിക്കയില്ല''.

ജയൻ എഴുനേററു സതീശൻെറ ഗൃഹത്തിലേയ്ക്കു നടന്നു. വാതില്ക്കൽ ചെന്നു് അയാൾ സതീശനെ വിളിച്ചു. സതീശൻ പുറത്തുവന്നു

''എന്താ ജയാ!''

''എനിക്കു് ആ ചിത്രം മടക്കിത്തരണം. അതു എൻെറ.....''

''അയ്യോ, ജയാ! അതു് ഇന്നലെ ഉടഞ്ഞുപോയല്ലോ..'' സതീശൻ വ്യസനസമേതം അറിയിച്ചു.

''ഉടഞ്ഞുപോയോ?'' ജയൻ ചോദിച്ചു.

''ഉവ്വ്. ഇന്നലെ ഞാൻ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു് ഒരു ശബ്ദം കേട്ടു. ചെന്നു നോക്കിയപ്പോൾ ആ ചിത്രം നിലത്തുവീണതായി കണ്ടു. മാർബിൾകഷണങ്ങൾ നാലുപുറവും ചിന്നിച്ചിതറിക്കിടന്നിരുന്നു. സന്ധ്യയ്ക്കാണിതുണ്ടായതു്.''

''സന്ധ്യയ്ക്കു്!'' ജയൻ ഭ്രാന്തനെപ്പോലെ ആവത്തിച്ചു.

''നിങ്ങൾക്കെന്തു പററി?'' സതീശൻ ആശ്ചര്യത്തോടുകൂടി ചോദിച്ചു.

''മല്ലികയില്ലെങ്കിൽ, അവളുടെ ചിത്രമെന്തിന്നു്?'' ജയൻ കരഞ്ഞു. അയാൾ ഭ്രാന്തനെപ്പോലെ ഒരിടത്തേക്കോടി.

.......................................................

ഇപ്പോഴും അന്ധകാരത്തിൽ ആരൊ അസ്പഷ്ടസ്വരത്തിൽ ''മല്ലികേ! മല്ലികേ!'' എന്നു വിളിക്കുന്നതു കേൾക്കാം. കാററിൽ ''മല്ലികേ! മല്ലികേ!'' എന്നു പ്രതിധ്വനി മുഴങ്ങിത്തുടങ്ങും. വൃക്ഷലതാദികൾ ആവത്തിയ്ക്കും—''മല്ലികേ! മല്ലികേ!'' പിന്നീടു് എല്ലാം ശാന്തമായിത്തീരും.

കെ. ജാനകി, കോട്ടപ്പുറം.

## ശകുന്തള.

### I

സൗഭാഗ്യം ചിരിച്ചെത്തിപ്പുണരാൻ ഭാവിയ്ക്കുമ്പോൾ
സൗജന്യം വിലക്കയായ് നൂറു ചിന്തകളോടേ:—
താരുണ്യമുടൻ പൊട്ടിച്ചിരിച്ചു, വീണ്ടും തൻെറ
നേരിയ നറുംലജ്ജയുർന്നിഴഞ്ഞെത്തി മുന്നിൽ.

ആ, വെറും വികാരപ്പൂമാല താനിന്നും ഭൂവിൽ
പാവനപ്രേമത്തിന്റെ സൗരഭം പരത്തുന്നു!

മാലിനീ വക്ഷസ്സിങ്കൽ പിച്ചവച്ചെത്തും കൊച്ചു-
മാരുതൻ ചിലപ്പോഴീ പ്രേമപ്പൊൻ കഥകളേ—,
തീവ്രവേദനയോടേ പാടിയന്നദി തന്റെ
തീരഭൂവിനു നിത്യം രോമാഞ്ചമേകുന്നുണ്ടാം!

അമ്മലർത്തോപ്പിൽനിന്നു പാറിടും രേണുക്കളോ-
ട്ടിമ്മഹാത്യാഗത്തിന്റെ പാഴ്സ്വപ്നകിരണങ്ങൾ—,
അർപ്പിക്കും മനോഹരസ്മരണാഗതികളാൽ
നിർഭരമിടയിടെ നെടുവീർപ്പേകുന്നുണ്ടാം!

## II

നന്നു നിൻലോകോത്തരസൽഗ്ഗുണങ്ങളാൽ നിത്യ-
മുന്നതാനുരാഗത്തിൻ സന്ദേശം ശകുന്തളേ,
നിർമ്മലം ലോകത്തിന്നായ് നൽകി നീ, സ്വാർത്ഥത്തിന്റെ
വന്മദത്തിനു മുൻപിൽ സത്യസംരംഭത്തോടെ

ആ മനോഹരപ്രേമനാടക രംഗങ്ങളി-
ലോമനേ, നിതാന്താഭിരാമമായ് നിലകൊൾകെ,
കേവലം നിന്നിൽക്കളിക്കൊഞ്ചലാർ‘‘ന്നനസൂയ’’
ഭാവഗർഭമാം നോട്ടമെത്രമേലരുളീല! . . .
അന്നൊക്കെത്തലതാഴ്ത്തി, മൊട്ടിട്ട വനജ്യോത്സ്ന-
തന്നോടായെന്തൊക്കെനീ മന്ത്രിച്ചു മധുരമായ്!

ശാന്തമോഹനമാകുമത്തപോവനദിവ്യ-
പ്രാന്തങ്ങൾ ഹേമന്തസൽക്കാന്തിയാൽത്തെളിയവേ,
മാലിനീലോലലോല്ലോല മർമ്മരധ്വനിയിങ്കൽ
പേലവ ശുകഗാനമൊന്നൊന്നായലിയവേ,
നിൻപ്രേമപ്പൂവല്ലി! മൊട്ടിട്ടു കാൺകെ, സ്നേഹ-
സംഭ്രമസമാകുലം തോഴിമാർ മന്ത്രിക്കവേ,
നീ വളർത്തും മാൻപേടയാശ്രമപഥങ്ങളിൽ
സാവധാനമായ് ‘‘മാസം തികഞ്ഞു’’ നടക്കവേ,
ഭാവിതൻമാധുര്യത്തിൻ ചിന്തകൾ തിരതല്ലും
നൂതനമാകുന്നോരു ജീവിതം കൈക്കൊണ്ടു നീ

## III

സത്യസൗന്ദര്യങ്ങൾ താൻ തൂകിടും വെളിച്ചത്താൽ
നിത്യവുമൃഷിനാടിൻ തുറന്ന മിഴികളിൽ
ത്യാഗശുദ്ധമാം നവ ചൈതന്യം പകർന്ന നീ
പ്രേമസാമ്രാജ്യത്തിന്റെ റാണിയായ് തപസ്വിനീ!!

എത്രമേലപഹാസസർപ്പങ്ങൾ ഫണം വിരി-
ച്ചെത്തി നിൻ ചാരിത്രപ്പൂംതനുവെദ്ദംശിച്ചീല!
സത്യസൗശീല്യാദികൾ തന്നുടെ തിരുമുൻപി-
ലെത്തിയില്ലൊരു ലേശമക്കൊടുംവിഷജ്വാല.

ഭൂരിവിപ്ലവത്തിൻെറ വിസ്തൃതാദ്ധ്യായങ്ങളിൽ
ഭാരതം താനേതന്നെ ഹാ! കോരിത്തരിച്ചുപോയ്!!

ജീവിതവ്യാപാരത്തിൽ നീ നേടുംനേട്ടങ്ങളെ
പാവനേ തപസ്വിനീ, വ്യാജപ്പൊൻനാണ്യങ്ങളായ്
കേവലം ചിലരെണ്ണാം; മൂകരാം ചിലർ ദോഷ-
ഭാവത്തിൽക്കരുതിപ്പോയെന്നുമാമറിയാതെ.

ആടലിൽപ്പിടയുമാപ്രേമത്തിൻ പുറകിലായ്
ഗൂഢമാം ചരിത്രങ്ങഠം താങ്ങുവാൻ മററാന്നില്ല.
നേർത്തെതിർത്തോരനിത്യദുർഭാഗ്യങ്ങളെ നീക്കി-
സ്സ്രീത്വമേ, ജയിച്ചുനീ വിപ്ലവത്തിനുമൻപിൽ.

വിദ്വാൻ, കരുമല്ലൂർ നാരായണപിള്ള, കിടങ്ങൂർ.

സാഹിത്യം.

# അലങ്കാരവിചാരം.

## VII

അലങ്കാരസമുദായത്തിൽ അതിശയോക്തിക്കു പ്രധാനസ്ഥാനത്തിന് അവകാശം ഉണ്ട്. വൎണ്ണ്യവസ്തുവിനു യഥോചിതം ഉൽക്കഷത്തിൻേറയോ അപകഷത്തിൻേറയോ പരമമായ ആധിക്യം നേടുകയത്രെ ഈ അലങ്കാരംകൊണ്ടു സിദ്ധിക്കുന്ന പ്രയോജനം. അതിശയോക്തി ഒരു അത്ഭുതദപ്പണമെന്നു പറയണം. അതു് ഉപയോഗിച്ചു നോക്കുമ്പോഠം കടുകുമണികുല പവ്വതമായും ശൈലം കടുകുതരിയായും കാണും. ഉപമ വസ്തുസ്വരൂപത്തേയോ തദ്ഗതമായ ധമ്മത്തേയോ യഥാത്ഥബോധം ജനിക്കത്തക്കവിധം പ്രകാശിപ്പിക്കുന്നു എന്നു മുൻപു പറഞ്ഞുവല്ലൊ. എന്നാൽ വസ്തുസ്ഥിതിയെ അന്യഥാകരിക്കുകയത്രെ അതിശയോക്തി ചെയ്യുന്നതു്. അതിൻെറ കാൎയ്യത്തിൽ വസ്തുവിൻെറ രൂപമോ ധമ്മമോ അല്ല, കവിയുടെ ഭാവനാചാതുൎയ്യമാകുന്നു സഹൃദയന്മാരുടെ മനസ്സിൽ പതിഞ്ഞു രസനിഷ്പത്തിക്കു മൂലമാകുന്നതു്. വസ്തുസ്ഥിതിക്ക് അതിൽ പ്രാധാന്യം തീരെയില്ല.

സംസ്കൃതകവികഠം അതിശയോക്തി പ്രയോഗത്തിൽ അതിവിദഗ്ദ്ധന്മാരാകുന്നു. അവക്കു പ്രസ്തുതാലങ്കാരത്തോടു് അധികം പ്രീതിയുണ്ടെന്നു തോന്നും. മാഘൻ, ശ്രീഹഷൻ, ബാണൻ, അനന്തഭട്ടൻ, ത്രിവിക്രമൻ എന്നു തുടങ്ങിയ മഹാകവികളുടെ കൃതികളിൽ നിന്നു് ഈ വസ്തുത തെളിയും. ഭാഷാകവികളിൽ ചമ്പൂകാരന്മാരാണു് ഈ അലങ്കാരം പ്രയോഗിക്കുന്ന കാൎയ്യത്തിൽ നിസ്സീമമായ പാടവം പ്രകടിപ്പിച്ചിരി

ക്കന്നവർ. ഭാവനയുടെ അന്യാദൃശമായ സാരസ്യംകൊണ്ടും നൂതനതചം കൊണ്ടും നൈഷധീയചരിതമാഘാദികാവ്യങ്ങളിലെ പല ഭാഗങ്ങളോടും തുല്യങ്ങളും ചിലപ്പോൾ തദധികം ഹൃദയംഗമങ്ങളും ആയ അനേകം വൎണ്ണനങ്ങൾ ഭാഷാരാമായണാദിചമ്പുക്കളിൽ കാണുവാൻ കഴിയും.

സംസ്കൃതപ്രസ്ഥാനത്തെ ആദരിച്ചു ചമല്ക്കാരസുരഭിലങ്ങളായ അതിശയോക്തികൾ രചിച്ചിരിക്കുന്ന ചില ഭാഷാകവികൾ അടുത്ത കാലത്തും ഉണ്ടായിട്ടുണ്ട്.

ജ്യോതിശ്ശാസ്ത്രപ്രമാണങ്ങളിലുപരിഗനാ-
ച്ചന്ദ്രനേക്കാൾ വിവസ്വാൻ
ശീതത്വിട്ടാണു പൌരാണികമതമതിലി-
ന്നുൽഗൻ ഭാനുവേക്കാൾ;
ഏതായാലും വിവാദം കളയണ,മൊരുമു-
ണ്ടേകിടാം, ദനാക്കിനീനേ-
രോതേണം 'രംഗനാഥോ'പരി കയറിട്ടമ-
ന്നേരമാധോരണേന്ദ്ര!

എന്നു സരസകവിരത്നമായ ഒറവങ്കര നീലകണ്ഠൻനമ്പൂരി രംഗനാഥാഖ്യനായ ഒരു ഗജേന്ദ്രനെ വൎണ്ണിച്ചിരിക്കുന്ന പദ്യം പ്രകൃതത്തിൽ സ്മരണയിൽ വരുന്നു. ആനയ്ക്കു സൂൎയ്യചന്ദ്രമാൎസ്സങ്ങളേക്കാൾ ഉയൎച്ച ക്കൂടുതലുണ്ടെന്നു ശ്ലോകത്തിന്റെ ഭാവം. ഇവിടെ ആശയകല്പനം രസകരവും നൂതനവുമായിട്ടുണ്ട്.

പ്രധാനവും ശ്ലാഘ്യവും ആയ ഒരു അലങ്കാരമാകുന്നു സ്വഭാവോക്തി. ഗുണങ്ങൾ ഇണങ്ങിയാൽ ഈ അലങ്കാരത്തിൽ അനുഭവപ്പെടുന്ന ആനന്ദം മറെറാന്നിലും ലഭിയ്ക്കുകയില്ലെന്നു തോന്നും. അത്രയ്ക്കുണ്ട് അതിനു മേന്മ. വസ്തുവിന്റെ വാസ്തൃപമായ ചിത്രമാകുന്നു സ്വഭാവോക്തി. സംസ്കൃതകവികളിൽ പുരാണകൎത്താക്കന്മാരെ കഴിഞ്ഞാൽ സ്വഭാവോക്തിയിൽ അദ്വിതീയമായ പാടവം കാണിച്ചിരിക്കുന്നതു കാളിദാസനാകുന്നു. ശാകുന്തളാദി കൃതികളിൽ മഹാകവി നിബന്ധിച്ചിരിക്കുന്ന കണ്വാശ്രമ ശകുന്തളാദിചിത്രങ്ങളുടെ രൂപം സഹൃദയന്മാരുടെ മനസ്സിൽനിന്ന് ഒരുകാലത്തും മാഞ്ഞുപോകുന്നവയല്ല.

ഭാഷാകവികളിൽ സ്വഭാവോക്തിനിബന്ധനത്തെ സംബന്ധിച്ചിടത്തോളവും എഴുത്തച്ഛനും കൃഷ്ണഗാഥാകാരനും അഗ്ര്യസ്ഥാനം കൊടുക്കാം. ചമ്പുപ്രബന്ധകൎത്താക്കന്മാരും സ്വഭാവോക്തിരചനയിൽ അദ്വിതീയന്മാരാകുന്നു.

പാരിജാതഹരണം ചമ്പൂവിൽനിന്നു രണ്ടു പദ്യങ്ങൾ ഇവിടെ ഉദാഹരണത്തിനു് ഉദ്ധരിക്കുന്നതു രസകരമായിരിക്കും.

ദിക്കുലത്തെക്കലക്കും കൊടിയ ചിറകടിക്കാററു ചെന്നേററുവന്യാ-
വൃക്ഷവ്രാതം മുറിഞ്ഞും മലപലവുമറിഞ്ഞും കളിക്കുംപ്രകാരം
ഉഗ്രാടോപേന ചഞ്ചൂപുടത്ധടത്ധടിതംകൊണ്ടു ഹീനാം ഭയം ചേ-
ത്തഗ്രേ ചെന്നും, വണങ്ങീ ഖഗപതി 'ജയതുസ്വാമിയെന്നാംബുജാക്ഷ!'

* * * *

ഓട്ടന്നേരത്തു തന്വ്യാനിടിലതടമുടൻകമ്രഘർമ്മാംബു പൂരം
തേട്ടന്നു ചായൽ ചായുന്നിതു മുഹുരഴിയുന്നു ബലാന്നീവിബന്ധം
പാദേ പാദേ കപോലങ്ങളിലുലയുമണിക്കുണ്ഡലദ്വന്ദ്വമുച്ചൈ-
രാട്ടുന്നു കാഞ്ചി പാടുന്നിതു പഥിപൊഴിയുന്നു ശിഖാമാല്യജാലം.

ഈ പദ്യങ്ങളിൽ ഒന്നാമത്തതിൽ ഗരുഡൻെറ വരവിനെ വർണ്ണിക്കുന്നു. അതിലെ തൃതീയപാദമാണു് അധികം ഹൃദ്യവും സ്വാഭാവികവുമായിരിക്കുന്നതു്. രോഷാവേഗത്തോടുകൂടി പലായനം ചെയ്യുന്ന ശചീദേവിയുടെ സ്വഭാവത്തെ രണ്ടിൽ വർണ്ണിച്ചിരിക്കുന്നതു കുറെയധികം ഹൃദയംഗമമായിട്ടുണ്ടെന്നു് ഏതു സഹൃദയനും സമ്മതിക്കും. 'കുണ്ഡലദ്വന്ദ്വ'ത്തിൻെറ ആട്ടവും 'കാഞ്ചി'യുടെ പാട്ടും 'ശിഖാമാല്യജാല'ത്തിൻെറ പൊഴിപ്പിലും മററും കവിയുടെ മനോധർമ്മവിലാസത്തെ ഭംഗിയായി പ്രകാശിപ്പിക്കുന്നവയാകുന്നു.

അർത്ഥാന്തരന്യാസത്തിനും അലങ്കാരസമുദായത്തിൽ മാന്യസ്ഥാനം ലഭിക്കുവാൻ അവകാശമുണ്ടു് സാമാന്യവിശേഷധർമ്മങ്ങളെ ഇണക്കുന്നതിൽ അർത്ഥാന്തരന്യാസത്തിൻെറ വൈശിഷ്ട്യം സ്ഥിതിചെയ്യുന്നു. ബഹുവിധങ്ങളും അസാധാരണങ്ങളും ആയ ലോകധർമ്മങ്ങളെ പ്രകാശിപ്പിക്കുന്നതിനു് ഈ അലങ്കാരത്തിനു വിരുതു കൂട്ടും. അതുകൊണ്ടു മഹാകവികളുടെ പ്രസിദ്ധങ്ങളായ പല അർത്ഥാന്തരന്യാസങ്ങളും ലോകവ്യവഹാരത്തിൽ സ്ഥാനം പിടിച്ച പഴഞ്ചൊല്ലുകളെപ്പോലെ ആയിത്തീർന്നിട്ടുണ്ടു്. സംസ്കൃതകവികളിൽ ഈ അലങ്കാരത്തോടു് ആദരം കാണിച്ചിരിക്കുന്നവരാണു് അധികംപേരും. അവരിൽ കാളിദാസൻ, ഭാരവി, ക്ഷേമേന്ദ്രൻ എന്നു തുടങ്ങിയവർ പ്രത്യേകം സ്മരണീയന്മാരാകുന്നു. ഭാഷാകവികളുടെ സമുദായത്തിൽ കുഞ്ചൻനമ്പ്യാർ അർത്ഥാന്തരന്യാസത്തിൻെറ കാര്യത്തിൽ പ്രഥമസ്ഥാനം അവകാശപ്പെടുന്നു. തുള്ളലുകളിലെ പല അർത്ഥാന്തരന്യാസങ്ങളും ലോകവ്യവഹാരത്തിൽ സ്ഥാനം ഉറച്ചിരിക്കുന്നവയെന്ന വസ്തുത അവയുടെ സാരസ്യത്തെ വിളിച്ചു പറയുന്നു.

വടക്കുംകൂർ രാജരാജവർമ്മരാജാ.

## പുസ്തകാഭിപ്രായം.

# ഹിമഗിരിവിഹാരം.

(ഒന്നാംഭാഗം)

ഗ്രന്ഥകര്‍ത്താവ്, ബ്രഹ്മശ്രീ തപോവനസ്വാമികള്‍.
പ്രകാശകന്‍, ശ്രീമാന്‍ ടി. കെ. കൃഷ്ണമേനോന്‍; എറണാകുളം.

ലോകത്തില്‍ ആദര്‍ശപുരുഷന്മാരുടെ അവതാരം ഏതുകാലത്തും ഉണ്ടായിട്ടുണ്ട്. ഭാരതത്തിന്‍റെ കാര്യം പ്രത്യേകിച്ചും അനുസ്മരണീയമാണ്. ഹിമഗിരിവിഹാരത്തിന്‍റെ ഗ്രന്ഥകര്‍ത്താവായ തപോവനസ്വാമികള്‍ പാലക്കാട്ടു താലൂക്കില്‍ ആലത്തൂരിനടുത്തു മുടപ്പല്ലൂര്‍ അംശത്തില്‍ ഉള്ള ഒരു മാന്യമായ തറവാട്ടില്‍ ജനിച്ച ഒരു മഹാനുഭാവനാണെന്നുള്ളതു് ഏതു ഭാരതീയനും— വിശിഷ്യ നായര്‍സമുദായത്തിന്നാകമാനവും അഭിമാനജനകമാണ്. അദ്ദേഹം അനേകായിരം ഉറുപ്പികയുള്ള സ്വത്തുകാരനല്ല. ലക്ഷപ്പറ നെല്ലു പാട്ടം വരുന്ന ഭൂമിയുടെ ഉടമസ്ഥനല്ല. ഐ. സി. എസ്സ്. മുതലായ ഉല്‍കൃഷ്ടബിരുദങ്ങള്‍ സമ്പാദിച്ച പച്ചപ്പരിഷ്കാരിയുമല്ല. ഈ വക ചെപ്പിടിവിദ്യകളിലൊന്നും അദ്ദേഹത്തിനു് ആസക്തിയുമില്ല. എന്നാല്‍ മലയാളത്തിലും തമിഴിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും അനിതരസാധാരണമായ ജ്ഞാനം സമ്പാദിച്ചു കഴിഞ്ഞിട്ടുള്ള ഒരു മഹാ പുരുഷനാണ് അദ്ദേഹം.

തപോവനസ്വാമിജി കുട്ടിക്കാലം മുതല്ക്കു തന്നെ ഭക്തിമാര്‍ഗ്ഗപക്ഷപാതിയായിത്തീര്‍ന്നു. ഈ മായാപ്രപഞ്ചത്തില്‍ കിടന്നു നട്ടം തിരിയുവാനദ്ദേഹമാശിച്ചില്ല. എല്ലാററിലും ആധാരഭൂതമായ ഒരു ദിവ്യശക്തി ലോകത്തിലുണ്ടെന്നും ആ ശക്തി ഐഹികാമുഷ്മികാഭ്യുദയപ്രാപ്തിക്കു ഉതകുന്നതാണെന്നും ആ മഹായോഗി മനസ്സിലാക്കി സര്‍വ്വസംഗപരിത്യാഗനായി കഴിഞ്ഞിരിക്കുന്നു

അദ്ദേഹം എഴുതീട്ടുള്ള കൈലാസയാത്രയുടെ സുവിസ്തൃതമായ ഒരു വിവരണമാണ് ഇന്നു ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ച ഹിമഗിരിവിഹാരം ഇതില്‍പ്രസ്താവന കഴിഞ്ഞാല്‍ ഗ്രന്ഥകര്‍ത്താവിന്‍റെ ജീവിതചരിത്രവും പിന്നീട്. ഹൃഷീകേശം, ഉത്തരകാശി, ജമ്നോത്രി, ഗംഗോത്രി, കേദാരനാഥം, ബദരീനാഥം, ശാരദാക്ഷേത്രം എന്നീ വിഷയങ്ങളുമടങ്ങിയിരിക്കുന്നു. ഓരോ പുണ്യസ്ഥലത്തും അദ്ദേഹം കാല്‍നടയായി നടന്നുകണ്ടനുഭവിച്ചിട്ടുള്ള അനേകം അത്ഭുതസംഭവങ്ങളെയാണ് ഇതില്‍ പ്രതിപാദിച്ചിട്ടുള്ളതു്. ലളിതകോമളമായ ഭാഷയിലെഴുതീട്ടുള്ള ഈ പുസ്തകത്തിലെ ഓരോ ഭാഗങ്ങള്‍ വായിക്കുംതോറും ഏവനും അമേയമായ ആനന്ദമൊ അത്യാശ്ചര്യമൊ അത്യത്ഭുതമൊ അളവററ ഭക്തിയൊ എന്തൊ ചില വികാരങ്ങളെല്ലാം തോന്നിപ്പോകും. അനേകം വനാന്തരങ്ങളുടേയും പുണ്യഭൂമികളുടേയും വിവരണങ്ങള്‍ സ്തുത്യര്‍ഹമായിട്ടുണ്ട് ആധ്യാത്മികജ്ഞാനസമ്പാദനത്തിനും ലൌകികജ്ഞാനസമ്പാദനത്തിനും പ്രസ്തുത പുസ്തകം ഉപകരിക്കുമെന്നുള്ളതിനു സന്ദേഹമില്ല ബ്രഹ്മശ്രീ തപോവനസ്വാമിജികളുടെ ഛായയും സാഹിത്യകുശലന്‍ ടി കെ കൃഷ്ണമേനോന്‍ അവര്‍കളുടെ പ്രസ്താവനയും ഇതിനൊരലങ്കാരമായിട്ടുണ്ട്. അച്ചടിക്കാര്യത്തില്‍ സുപ്രസിദ്ധന്മാരായ എറണാകുളം സനാതനധര്‍മ്മം അച്ചുകൂടത്തില്‍ വൃത്തിയായി അച്ചടിച്ച പ്രസ്തുത പുസ്തകത്തിനു നിശ്ചയിച്ച വില 1 ക. ഒട്ടും അധികമാകുന്നതല്ല അടുത്ത ഭാഗങ്ങള്‍ കൂടി ഉടനെ പുറത്തു വരുമെന്നു വിശ്വസിക്കുന്നു.

## നാമാംബിക.

ഗ്രന്ഥകൎത്താ: ബ്രഹ്മശ്രീ കാട്ടൂർ സുബ്രഹ്മണ്യൻ (ഉണ്ണി) നമ്പൂതിരിപ്പാട്
(മംഗളോദയം പ്രസ്സ്–തൃശ്ശിവപേരുർ) വില എട്ടണ.

നമ്പൂതിരിമാരായാൽ അവൎക്ക സരസ്വതീദേവി സഹായമാണെന്നു പലരും പഴമൊഴിയായി പറയാറുണ്ട് ഈശ്വരഭക്തിയിലും അവർ അദ്വിതീയരാണ് മേല്പത്തൂർ, പൂന്താനം, ചെറുശ്ശേരി മുതലായവരുടെ ചരിത്രങ്ങൾ ഇതിനു തക്ക തെളിവുകളുംണ്ടല്ലൊ.

നാമത്തിൻെറ മഹിമയെ വിവരിക്കുന്നതും ഭക്തിശാസ്ത്രരഹസ്യങ്ങളേയും വേദാന്തസാരങ്ങളേയും ലളിതകോമളമായ ഭാഷയിൽ ലളിതകോമളമായ കവിതയിൽ എഴുതീട്ടുള്ളതുമായ ഒരു നല്ല പുസ്തകമാണ് നാമാംബിക.

നാമദശാവതാരം (ഉഴിഞ്ഞാൽപാട്ട്) പാടുവാൻ വളരെ രസമാണ്. രണ്ടാമത്തെ നാമാംബിക (മഞ്ജരി)യിലാണ് എഴുതീട്ടുള്ളതു്.

ഭദ്രേ! ഭഗവതി! നാമസ്വരൂപിണി
ഭക്തകുടുംബത്തെപ്പോററും ദേവി!
കാറൊളിവൎണ്ണനെ ലക്ഷം കുറി പള്ളി-
പ്പേറു കഴിഞ്ഞോരു തമ്പുരാട്ടി.
അമ്മേ, നിന്നങ്കത്തിലാണു യശോദയ-
ന്നമ്മിഞ്ഞയീമ്പുന്ന പൂൎണ്ണബ്രഹ്മം
അന്നു പിറന്നതും പിന്നെ വളൎന്നതു-
മിന്നും ചിരിച്ചു കളിക്കുന്നതും
ദേവകി, കണ്ണനെയേറിയാൽ മൂന്നോളം
പ്രാവശ്യം മാത്രമെ പെററിട്ടുള്ളൂ
ഇക്കാണും മാതാവോ, കണ്ണനെ മുപ്പത്തി-
മുക്കോടി പ്രാവശ്യം പെററുവത്രെ.

ഇപ്രകാരമാണ് ഇതിലെ കവിതാരീതി അടുത്തതു നാമഗാനം (പാന) ആണ്. നാലാമത്തേതായ നാദബിന്ദു എന്ന മട്ടിലുള്ള പാട്ട് പാടുവാനും കേൾക്കുവാനുംസുഖപ്രദമായിട്ടുള്ളതുതന്നെ. ഓമനക്കുട്ടൻമട്ടിൽ 'എന്നു' എന്ന തലക്കെട്ടിലും നാമവിഹാരം എന്ന തലക്കെട്ടിൽ (കാകളി)എഴുതിയ കവിതകളും വളരെ ഭംഗിയായിരിക്കുന്നു ഉപസംഹാരം ശാർദ്ദൂലവിക്രീഡിതം വൃത്തത്തിൽ എഴുതീട്ടുള്ള 'എന്നാണ്'' എന്ന കവിതയാണ്. ഇവയെല്ലാം ഉദാഹരണങ്ങളെടുത്തു് ഇവിടെ ഉദ്ധരിക്കുവാൻ കാലസ്ഥിതി അനുവദിക്കുന്നില്ലല്ലൊ എന്നോൎത്തു മനസ്താപിക്കുന്നു. ഗ്രന്ഥകൎത്താവ് സംസ്കൃതത്തിലും മലയാളത്തിലും തികഞ്ഞ പണ്ഡിതനും യഥാൎത്ഥഭക്തനും ആണെന്ന് ഇതിലെ ഏതു ഭാഗവും പ്രസ്പഷ്ടമാക്കുന്നുണ്ട്. ഗ്രന്ഥകൎത്താവിനു ഞങ്ങൾ സൎവ്വമംഗളങ്ങളും ആശാസിക്കുകയും വേറെയും അനേകം സൽഗ്രന്ഥങ്ങൾ അദ്ദേഹത്തിൽനിന്നു കൈരളിക്കു ലഭിക്കുമാറാകട്ടെ എന്നു പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

## ശ്രീ സൌന്ദൎയ്യലഹരീസ്തോത്രം.

ഗ്രന്ഥകൎത്രി: തെക്കേ അമ്പാടിയിൽ മീനാക്ഷിഅമ്മ— തൃപ്പൂണിത്തുറ. വില 1—8—0

സംസ്കൃതസാഹിത്യത്തിൽ അസാമാന്യ പാണ്ഡിത്യം സമ്പാദിച്ച ശ്രീമതി തെക്കേ അമ്പാടി മീനാക്ഷിഅമ്മ അവർകൾ ശ്രീമല്ലക്ഷ്മീധരാചാര്യവിരചിതമായ ലക്ഷ്മീധരാവ്യാഖ്യാനത്തിൻെറ ഭാഷാന്തരത്തോടും 'സുഖബോധിനി' എന്ന ഭാഷാവ്യാഖ്യാനത്തോടും കൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാണ് ഇന്നു ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്ന സൌന്ദൎയ്യലഹരീസ്തോത്രം. വിശ്വവിശ്രുതനായ ശ്രീശങ്കരഭഗവൽപൂജ്യപാദവിരചിതമായ സൌന്ദൎയ്യലഹരീസ്തോത്രത്തിന് അനേകം വ്യാഖ്യാനങ്ങൾ മല

യാളഭാഷയിലുണ്ടായിട്ടുണ്ടെങ്കിലും ഇത്ര സുവ്യക്തമധുരമായ ഒരു വ്യാഖ്യാനം ഇതിന്നുമുമ്പ് ഉണ്ടായിട്ടില്ലെന്നു തീർത്തു പറയാവുന്നതാണ്. ശ്രീലക്ഷ്മീധരാചാര്യരാൽ വിരചിതമായ 'ലക്ഷ്മീധരം' വ്യാഖ്യാനത്തിനെ ഭാഷാന്തരപ്പെടുത്തീട്ടുള്ളതും സമുചിതമായിട്ടുണ്ട്. മിക്ക വ്യാഖ്യാനങ്ങളിലും ലക്ഷ്മീധരാവ്യാഖ്യാനം അങ്ങിനെതന്നെ പകർത്തിയിട്ടുള്ളതു സംസ്കൃതഭാഷയിൽ അധികം ജ്ഞാനം സമ്പാദിക്കാത്തവർക്ക് ഒട്ടും ഉപകാരപ്രദമാകയില്ലല്ലൊ. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി ഗ്രന്ഥകർത്രി ചെയ്തിട്ടുള്ള ശ്രമം ശ്ലാഘാർഹം തന്നെ.

ഭഗവൽഭക്തന്മാരായ ഏവർക്കും നിത്യപാരായണത്തിന്നു പററിയ ഒരു സ്തുതിശതകമാണ് സൌന്ദര്യലഹരി. കേരളീയനും സംസ്കൃതപണ്ഡിതാഗ്രേസരനും സ്വതന്ത്രസ്വാതന്ത്ര്യനും സർവ്വകലാവല്ലഭനും ആയ ഒരു മഹാനുഭാവൻ സംസ്കൃതഭാഷയിൽ ശിഖരിണി വൃത്തത്തിൽ എഴുതീട്ടുള്ള പ്രസ്തുത സ്തോത്രത്തിന്റെ ഈ ലളിതകോമളമായ വ്യാഖ്യാനം വായിച്ചപ്പോൾ ഞങ്ങൾക്ക് അളവററ അത്ഭുതവും ആനന്ദവും ആണ് തോന്നിയിട്ടുള്ളത്. പരോപകാരതല്പരയും യഥാർത്ഥദേവീഭക്തയും തികഞ്ഞ വിദുഷിയുമായ ശ്രീമതി മീനാക്ഷിഅമ്മയുടെ ഈ സദ്വ്യവസായം ലോകാനുഗ്രഹത്തിനുവേണ്ടി ചെയ്തിട്ടുള്ളതാണെന്ന് ആരും സമ്മതിക്ക തന്നെ ചെയ്യും.

ഇതിലുള്ള ഓരോ പദ്യത്തിന്നും പ്രൗഢഗംഭീരവും സുദീർഘവുമായ സുഖബോധിനി—ലക്ഷ്മീധരവ്യാഖ്യാനങ്ങൾ ഉണ്ടെങ്കിലും 11-17_31_32-41-99 എന്നീ പദ്യങ്ങളുടെ വ്യാഖ്യാനം ഞങ്ങളെ അളവററ ആനന്ദസാഗരത്തിലാറാടിക്കതന്നെ ചെയ്യുന്നു.

വിശ്വവിഖ്യാതനും സാഹിത്യചക്രവർത്തിയുമായ മഹാകവി ഉള്ളൂരിന്റെ അവതാരികയും സകലകലാനിപുണനായ ഡാക്ടർ എൽ. എ. രവിവർമ്മയുടെ പ്രവേശികയും പി. കെ. രാഘവശാസ്ത്രിയുടെ ആശീർവ്വാദവും സൌന്ദര്യലഹരീവിഷയാനുക്രമണികയും സൌന്ദര്യലഹരിയിലുള്ള അകാരാദിക്രമവും വ്യാഖ്യാനത്തിലന്തർഭവിച്ചിട്ടുള്ള താന്ത്രികവിശേഷവിഷയങ്ങളും സന്ദർഭോചിതവും സമുചിതവുമായിട്ടുണ്ട് ഇതിലെ പദ്യങ്ങൾക്കും മററും ഉച്ചാരണത്തിൽ തെററു പററാതിരിപ്പാൻ ശുദ്ധിപത്രം ചേർത്തതും നന്നായിട്ടുണ്ട്.

അച്ചടിക്കാര്യത്തിൽ വിശ്വവിഖ്യാതി സമ്പാദിച്ചിട്ടുള്ള ബി. വി. ബുക്കഡിപ്പൊ (തിരുവനന്തപുരം) പ്രവർത്തകന്മാരോടൊ ഗ്രന്ഥകർത്രിയോടോ അപേക്ഷിച്ചാൽ പ്രസ്തുത പുസ്തകം കിട്ടുന്നതാണ്.

## പാട്ടബാക്കി.

കൈരളീകാമുകന്മാരിൽ ഒരാളായ ശ്രീമാൻ കെ. ദാമോദരൻ അവർകളാൽ നിർമ്മിക്കപ്പെട്ട ഒരു പ്രഹസനമാണ് ഞങ്ങളുടെ മുൻപിൽ ഇരിക്കുന്ന പാട്ടബാക്കി. ദാരിദ്ര്യപ്പിശാചിന്റെ കരാളകരവലയങ്ങളിൽ കുടുങ്ങി, ഞെങ്ങി ഞെരുങ്ങി, വിങ്ങി വിങ്ങി കരയുന്ന സാധുസഹോദരങ്ങളിൽ, കേവലം അനുതാപജന്യമായ ഒരു അശ്രുകണമെങ്കിലും അർപ്പിക്കുവാൻ അലിവില്ലാത്ത ആധുനിക ധനികലോകത്തെ കർശനമായി വിമർശിക്കുകയെന്നതാണ് ഗ്രന്ഥോദ്ദേശമെന്നു കാണാം. തൊഴിലാളികളുടെ ആർത്തനാദം ഒരു ഭാഗത്ത്, മുതലാളികളുടെ അട്ടഹാസം മറുഭാഗത്ത്; കുചേലന്റെ നീതിപാലനം ഒരു വശത്ത്, കുബേരന്റെ കുതന്ത്രങ്ങൾ മറുവശത്ത്; ദാരിദ്ര്യവും ചാരിത്രവും തമ്മിൽ പോരാട്ടം ദുഷ്പ്രഭുത്വവും ദുഷ്പ്രവൃത്തിയും തമ്മിൽ കൂട്ടിയാട്ടം; എന്നുവേണ്ട ഇന്നത്തെ ലോകത്തെ സജീവമായി ചിത്രീകരിക്കുവാൻ ഗ്രന്ഥകാരനു കൈവന്ന കഴിവ് അഭിനന്ദനീയമാണ്. ഭാഷാരീതിയും, പാത്രസൃഷ്ടിയും ഔചിത്യരക്ഷയും അനുയോജ്യം തന്നെ. ഗ്രന്ഥത്തിന്നും തൽകർത്താവിന്നും ഞങ്ങൾ മംഗളമാശംസിക്കുന്നു.